LIBRARY ARCHIVES Kerala Legislative Assembly

നയപ്രഖ്യാപന പ്രസംഗങ്ങളിലെ നിർദ്ദേശങ്ങൾ

91 (1831) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നയപ്രഖ്യാപന പ്രസംഗങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട പുതിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; ഓരോ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ വകയിരുത്തിയ തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നീക്കിവച്ച തുകയെത്രയാണ്; ഇതിന്റെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കേരളത്തിന്റെ പൊതുകടം

92 (1832) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിലെ കേരളത്തിന്റെ പൊതുകടം എത്രയായിരുന്നു; ആ വർഷത്തെ ആകെ റവന്യു വരുമാനം എത്രയായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യു വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

ഉത്തരം

(എ) 2010-11 വർഷത്തിലെ കേരളത്തിന്റെ പൊതുകടം 31-3-2011-ൽ 78,673.24 കോടി രൂപയായിരുന്നു. ആ വർഷത്തെ ആകെ റവന്യു വരുമാനം 30,991 കോടി രൂപയായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള റവന്യു വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	റവന്യു വരുമാനം (തുക കോടിയിൽ)
1	2
2010-11	30991.00
2011-12	38010.00

1	2
2012-13	44137.00
2013-14	49177.00
2014-15	57950.47

ചെലവഴിക്കാതെ വകമാറ്റിയ ബഡ്ജറ്റ് ഹെഡ്സുകൾ

93 (1833) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഹെഡ്സുകളിലായി വകയിരുത്തിയ വിഹിതമാണ് നൂറ് ശതമാനവും ചെലവഴിക്കപ്പെടാതെ ഇപ്പോൾ ബാക്കി നിൽപ്പുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) നടപ്പുവർഷത്തിൽ വകയിരുത്തിയ എതെല്ലാം ഹെഡ്സുകളിലെ എത്ര തുകയാണ് വകമാറ്റി ചെലവഴിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ 2016 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം ചില ശീർഷകങ്ങളിൽ ചെലവ് വന്നതായി കാണുന്നില്ല. ഇതിൽ പ്രധാനമായും ചെലവഴിക്കാതെ വിഹിതം ശേഷിക്കുന്ന കണക്കിനങ്ങൾ 2215, 4215, 2216, 6216, 2225, 4225, 2401, 4702, 2700, 4700, 2012, 3451, 3452, 2053, 2055, 2235, 4235, 3456, 2403, 6403, 2425, 2405, 2851, 2852, 4851, 2202, 2203, 2204, 3425, 4202, 2230, 2014, 2220, 4220, 2217, 2215, 2030, 2039, 2041, 2245, 2406, 7610, 2801, 4810, 2059, 4059, 5054, 3051, 5051, 5055, 5056, 5075 എന്നീ മുഖ്യ ശീർഷകങ്ങൾക്ക് കീഴിലുള്ള ഉപശീർഷകങ്ങളിലാണ്.

(ബി) ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള നിർവ്വഹണത്തിനുവേണ്ടി ചില ശീർഷകങ്ങളിൽ നിന്നും ധന പുനഃക്രമീകരണത്തിലൂടെ തുക വകമാറ്റി ചെലവഴിക്കാൻ അനുമതി നല്കിയിട്ടുണ്ട്. അത്തരത്തിൽ ധന പുനഃക്രമീകരണം നടന്ന പ്രധാന ശീർഷകങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത ശീർഷകങ്ങളിൽ 217.72 കോടി രൂപ ധന പുനഃക്രമീകരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly